# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 186 18-03-2013 ന് മറുപടിയ്ക്ക്**

## നെല്ലിയാമ്പതിയിലെ തോട്ടം ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, എ. പ്രദീപ്കുമാർ<br>,, വി. ചെന്താമരാക്ഷൻ<br>,, കെ. വി. വിജയദാസ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പാട്ടക്കരാർ ലംഘിച്ച തോട്ടം ഉടമകളെ പുറത്താക്കി നെല്ലിയാമ്പതിയിലെ കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ പിടിച്ചെടുക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനെ തുരങ്കം വെക്കുന്ന നിലയിലുള്ള ഇടപെടലുകളെ ചെറുക്കുമോ; | (എ) നെല്ലിയാമ്പതിയിൽ പാട്ടത്തിന് നൽകിയ 52 എസ്റ്റേറ്റുകളിൽ പാട്ടക്കരാർ അവസാനിച്ച റോസറി, ക്ലിഫ് വ്യൂ (2 ബിറ്റുകൾ), തൂത്തമ്പാറ എന്നീ എസ്റ്റേറ്റുകളും പാട്ടക്കരാർ ലംഘനം നടത്തിയ ബിയാട്രീസ്, മീരാഫ്ളോറസ് (5 ബിറ്റുകൾ) എന്നീ എസ്റ്റേറ്റുകളും സർക്കാരിലേക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ ചെറുനെല്ലി, രാജാക്കാട്, മോങ്ക് വുഡ് എന്നീ മൂന്ന് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ സർക്കാർ റദ്ദുചെയ്തിട്ടുണ്ടെങ്കിലും കോടതി സ്റ്റേ ഉള്ളതിനാൽ സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ടി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസുകൾ ബഹു.ഹൈക്കോടതിയിൽ നടന്നുവരുന്നു. പാട്ടക്കരാർ ലംഘനം നടത്തിയ 24 എസ്റ്റേറ്റുകളുടെ ലീസ് റദ്ദുചെയ്യുന്നതിനും എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ടക്കരാർ ലംഘനം നടത്തിയ മറ്റ് 7 എസ്റ്റേറ്റുകളുടെ ലീസ് റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | നെല്ലിയാമ്പതിയിലെ പരിസ്ഥിതി ദുർബല പ്രദേശത്ത് എത്ര ഏക്കർ ഭൂമി വീതം ആരെല്ലാം അനധികൃതമായി കൈവശം വച്ച് വരുന്നതായി കരുതുന്നുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) & (സി) | The Kerala Forest (Vesting and Management of Ecological Fragile Lands) Act 2003 പ്രകാരം നെല്ലിയാമ്പതിയിൽ നോട്ടിഫൈ ചെയ്ത ഭൂമി ആരുംതന്നെ അനധികൃതമായി കൈവശം വച്ചുവരുന്നില്ല. |
| (സി) | നെല്ലിയാമ്പതിയിലെ പരിസ്ഥിതി ദുർബലപ്രദേശത്ത്, നിയമവിരുദ്ധമായി കൈവശം വച്ച് വരുന്ന ഏതെല്ലാം ഭൂമി അടിയന്തിരമായി ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ ശുപാർശ ലഭിച്ചിട്ടുണ്ട്; ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ